# ഉണർവ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ

## ഗവ.ഹൈസ്ക്കൂൾ കാഞ്ഞിരപ്പള്ളി

2025 - 26.

# ഉള്ളടക്കം


| വിഷയം | പേജ് |
|---|---|
| ♦ അടിസ്ഥാന വിവരങ്ങൾ | 2 |
| ♦ ആമുഖം | 3 |
| ♦ മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ | 7 |
| ♦ ഉപമേഖല - മലയാളം | 9 |
| ♦ ഉപമേഖല - ഹിന്ദി | 23 |
| ♦ ഉപമേഖല - ഇംഗ്ലീഷ് | 29 |
| ♦ ഉപമേഖല - സോഷ്യൽ സയൻസ് | 33 |
| ♦ ഉപമേഖല - ഗണിതം | 39 |
| ♦ ഉപമേഖല - ശാസ്ത്രം | 47 |
| ♦ ഉപമേഖല - പാഠ്യേതര വിഷയങ്ങൾ | 59 |
| ♦ ഉപമേഖല - ഭൗതികം | 63 |
| ♦ ഉപമേഖല - സാമൂഹികം | 65 |
| ♦ പ്രതീക്ഷിത നേട്ടങ്ങൾ | 67 |
| ♦ ഉപസംഹാരം | 68 |

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ഗവ. ഹൈസ്ക്കൂൾ, കാഞ്ഞിരപ്പള്ളി<br>കാഞ്ഞിരപ്പള്ളി പി.ഒ., കുന്നുംഭാഗം<br>കോട്ടയം ജില്ല<br>പിൻ - 686507<br>ഫോൺ - 04828 206515 |
| സ്കൂൾ കോഡ് | : | 32029 |
| വിദ്യാഭ്യാസ ഉപജില്ല | : | കാഞ്ഞിരപ്പള്ളി |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞിരപ്പള്ളി |
| റവന്യൂ ജില്ല | : | കോട്ടയം |
| ബി.ആർ.സി. | : | കാഞ്ഞിരപ്പള്ളി |
| സി.ആർ.സി. | : | ചിറക്കടവ് |
| ഗ്രാമപഞ്ചായത്ത് | : | ചിറക്കടവ് |
| ബ്ലോക്ക് പഞ്ചായത്ത് | : | വാഴൂർ |
| ജില്ലാ പഞ്ചായത്ത് | : | കോട്ടയം |
| നിയമസഭാ മണ്ഡലം | : | കാഞ്ഞിരപ്പള്ളി |
| ലോകസഭാ മണ്ഡലം | : | പത്തനംതിട്ട |
| താലൂക്ക് | : | കാഞ്ഞിരപ്പള്ളി |
| വില്ലേജ് | : | ചിറക്കടവ് |
| ഇ-മെയിൽ | : | kply32029@yahoo.co.in |

## ആമുഖം

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ വാഴൂർ ബ്ലോക്കിൽ ചിറക്കടവ് പഞ്ചായത്തിലെ ഏഴാം വാർഡിൽ ആണ് ഗവ.ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നത്.ഏകദേശം 5.40 ഏക്കർ സ്ഥല വിസ്തൃതിയുണ്ട് കെ കെ റോഡിൽ കുന്നുംഭാഗം ഗവ.ആശുപത്രിയിൽ നിന്നും 600 മീറ്റർ തെക്കോട്ട് ഡൊമിനിക് തൊമ്മൻ റോഡിൻറെ വലതു വശത്ത് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു.
കാഞ്ഞിരപ്പള്ളി മലഞ്ചരക്ക് ഉൽപ്പന്നങ്ങളുടെ കേന്ദ്രമായിരുന്നു.ഏകദേശം 1900 ആം ആണ്ടിൽ കാഞ്ഞിരപ്പള്ളിയിലെ മി.സെമിനിക് കരിപ്പാപ്പ റമ്പിൽ,കടമപ്പുഴ പാപ്പച്ചൻ തുടങ്ങിയ ധനികരായ വ്യക്തികൾ വിദ്യാഭ്യാസ സ്ഥാപനത്തിന് വേണ്ടി ശ്രമിക്കുകയും 1908ൽ ഗവ.മിഡിൽ സ്കൂൾ ഇടപ്പള്ളി എന്ന സ്ഥാപനം കാഞ്ഞിരപ്പള്ളിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചു കൊണ്ടുള്ള ഗവ ഓർഡർ ഉണ്ടായി.1912 ൽ മി .ഡൊമിനിക് തൊമ്മൻറെയും മറ്റുള്ളവരുടെയും ശ്രമഫലമായി ഏഴുമുറിയിൽ ഒരു പുതിയ കെട്ടിടം നിർമ്മിക്കുകയും ഗവൺമെൻന് വിട്ട് കൊടുക്കുകയും ചെയ്തു. 1932 ൽ ഇത് ഹൈസ്കൂളായി മാറി.

കോട്ടയം ജില്ലയിലെ ഏറ്റവും പഴക്കമുള്ളതും,മോഡൽ സ്കൂളും ആയിരിന്നു.മൂവായിരത്തിലധികം കുട്ടികൾ പഠിച്ച്കൊണ്ടിരുന്ന ഈ സ്ഥാപനത്തിന് എല്ലാവിധ സൗകര്യങ്ങളും ഉണ്ടായിരിന്നു.1985 ജനുവരി മാസത്തിൽ ഉണ്ടായ വലിയ അഗ്നിബാധയിൽ പ്രധാനകെട്ടിടം കത്തി നശിച്ച് പോയി.
1965 ൽ ഉണ്ടായിരുന്ന പഴയകെട്ടിടം പുതുക്കി ഓഫീസ്റൂം, ടീച്ചേഴ്സ്റൂം എന്നിവ ആക്കിത്തന്നത് സഹൃദാരായ നാട്ടുകാരും കരിപ്പാപ്പറമ്പ് കുടുംബവുമാണ് 5 മുതൽ 10 വരെയുള്ള ക്ലാസുകൾ പ്രവർത്തിച്ചിരിന്നു. ഒളിബിയ സ്പോർട്സ് സ്കീം അനുസരിച്ചുള്ള കോച്ചിങ് സെന്ററർ ആയും ഈ സ്കൂൾ പ്രവർത്തിച്ചിരുന്നു. വിസ്തൃതമായ ഗ്രൗണ്ട് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ,കാഞ്ഞിരപ്പള്ളിയുടെ കായിക പാരമ്പര്യം ഇവ ഈ സ്കൂളിനെ ഇപ്പോൾ സ്പോർട്സ് സ്കൂളായി ഉയർത്താൻ പ്രേരകമായി.

ബഹു.MLA N.ജയരാജിൻറെ ശ്രമഫലമായി ഇതൊരു സ്പോർട്സ് സ്കൂളായിഉയർത്താനുള്ള അനുമതി ലഭിക്കുകയും കിഫ്ബി ഫണ്ട് അനുവദിക്കുകയും ചെയ്തു.വിശാലമായ സ്പോർട്സ് കോംപ്ലക്സ് പണിയുന്നതിനു മുന്നോടിയായി പുതിയ അക്കാദമിക് ബ്ലോക്ക് പണിത് 2023 ൽ ക്ലാസുകൾ അങ്ങോട്ടേയ്ക്ക് മാറ്റുകയും പഴയകെട്ടിടങ്ങൾ പൊളിച്ചു നീക്കി സ്ഥലം നിരപ്പാക്കുകയുംചെയ്തിട്ടുണ്ട്.

കായികരംഗത്തുംരാഷ്ട്രീയ,സാമൂഹികരംഗത്തും പ്രവർത്തിക്കുന്ന പല പ്രമുഖവ്യക്തികളുടെയും മാതൃവിദ്യാലയമാണ് ഗവ.ഹൈസ്കൂൾ കാഞ്ഞിരപ്പള്ളി.

ഭൗതിക സാഹചര്യം

അഞ്ചു മുതൽ പത്തുവരെ ക്ലാസുകൾ ഓരോ ഡിവിഷനായി പ്രവൃത്തിക്കുന്നു.സയൻസ് ലാബ് ,ഐ ടി ലാബ് ,ലൈബ്രറി ,മൾട്ടിമീഡിയ റൂം ,കൗൺസിലിംഗ് റൂം എന്നിവയും മികച്ച നിലയിൽ പ്രവൃത്തിക്കുന്നു . ആധുനിക സൗകര്യത്തോടു കൂടിയ പാചകപ്പുര സ്കൂളിന് സ്വന്തമായിട്ടുണ്ട്. കായിക പരിശീലനത്തിന് ഗ്രൗണ്ടും മറ്റ് സ്വകാര്യങ്ങളും ലഭ്യമാണ് മൂന്ന് കെട്ടിടങ്ങളിലായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ശുചിമുറികൾ സജ്ജീകരിച്ചിട്ടുണ്ട്.

ഈ അധ്യയനവർഷം അഞ്ചു മുതൽ പത്തുവരെ ക്ലാസ്സുകളിലായി 45 കുട്ടികൾ പഠിക്കുന്നു.ഹൈസ്കൂൾ 5 അധ്യാപകരും,യു പി യിൽ മൂന്ന് അധ്യാപകരും കൗൺസിലറും സേവനമനുഷ്ഠിക്കുന്നു. നാല് അനധ്യാപകരും സ്കൂളിൽ സേവനമനുഷ്ഠിക്കുന്നു. തുടർച്ചയായി എസ്.എസ്.എൽ.സി യ്ക്ക് 100 % വിജയം നേടാൻ സാധിച്ചിട്ടുണ്ട് .

ദേശിയ - സംസ്ഥാന അധ്യാപക അവാർഡ് ജേതാക്കളായ നിരവധി അധ്യാപകർ ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഐ.എ.എസ് ,ഐ .പി.എസ് മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച പല പ്രമുഖ വക്തികളുടെയും പൂർവ വിദ്യാലയമാണ് .ദേശിയ സംസ്ഥാന തലങ്ങളിൽ മികവു തെളിയിച്ച ധാരാളം കായിക പ്രതിഭകളെ വാർത്തെടുക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് .

സബ്ജില്ലാ ജില്ലാതല കലോസ്തവത്തിലും കായികമേളയിലും ശാസ്ത്ര,പ്രവൃത്തി പരിചയമേളകളും വിജയം നേടുവാൻ ഇവിടുത്തെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്.
സ്കൂളിൻ്റെ എല്ലാ പ്രവർത്തനങ്ങളും സജീവമായ പിന്തുണയുമായി നിൽക്കുന്ന PTA ,എസ്.എം.ഡി.സിയും സ്ക്കൂളിനുണ്ട്.ഇവരുടെ പ്രവത്തനങ്ങൾ ശ്ലാഘനീയമാണ്.
അധ്യാപകരുടെ കൂട്ടായ പ്രവത്തനങ്ങളുടെയും,കുട്ടികളുടെ സഹകരണ മനോഭാവത്തിലൂടെയും പുരോഗതിയിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ് ഈ വിദ്യാലയം എന്നത് അഭിമാനകരമാണ്.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം ഗണിതശേഷി വികസനം ഇംഗ്ലീഷ് പഠന പരിപോഷണം ശാസ്ത്ര പോഷണ പരിപാടി വായനാ പരിപോഷണം ലൈബ്രറി ശാക്തീകരണം. ലാബോറട്ടറി ആധുനികവത്ക്കരിക്കൽ, പ്രതിഭാ പോഷണ പരിപാടി,നാടകക്കളരി ജൈവ വൈവിധ്യ പാർക്ക്. സാഹിത്യ പോഷണ പരിപാടികൾ, പഠനയാത്രകൾ, സെമിനാറുകൾ, കലാ കായികമേള, ഐ റ്റി പരിശീലനം. ക്ലാസ് പി റ്റി എ സജീവമാക്കൽ, സ്കൂൾ പത്രം, സ്കൂൾ മാസിക, പ്രവൃത്തി പരിചയ പഠനം. എസ്.ആർ ജി ശാക്തീകരണം, ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കുക, പച്ചക്കറിത്തോട്ടം, രചനാ ശിൽപശാല, അഭിമുഖങ്ങൾ, മെഡിക്കൽ ക്യാമ്പ്, പോഷകാഹാര പരിപാടി, ഗണിതലാബ്, ഭാഷാലാബ്, ടേം മൂല്യനിർണ്ണയം ദിനാചരണം, കായികപഠനം | വിശ്രമമുറി, മൾട്ടിമീഡിയറൂം, കമ്പ്യൂട്ടർ റൂം, ഡൈനിംഗ് ഹാൾ, അസംബ്ലി ഹാൾ, മാലിന്യസംസ്കരണം, ലാബോറട്ടറി, ജന്മദിനത്തിനൊരു പുസ്തകം, ചിത്രരചന, വീട്ടിലും ഒരു കൃഷിത്തോട്ടം, ഭാഷോത്സവം, ഗണിതോത്സവം എന്റെ ചെടിയെക്കുറിച്ച് ഞാൻ | പി ടി എ ശക്തിപ്പെടുത്തൽ, എസ്.എം സി., എസ്.എം.ഡി.സി. കാര്യക്ഷമമാക്കൽ, വിദ്യാലയ വികസനപദ്ധതി, പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം, എസ്എസ്ജി ഗ്രന്ഥശാലകൾ, ക്ലബുകൾ സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യപകർ, സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>ക്ലാസ്സ് പി റ്റി.എ മാതൃകാ പരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ.<br>വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജന പ്പെടുത്തൽ<br>പഠനക്കൂട്ടം<br>പ്രാദേശിക പി റ്റി എ<br>ഭവന സന്ദർശനം. |

# ഉപമേഖല - മലയാളം

# ലക്ഷ്യങ്ങൾ

- മാതൃഭാഷയിലെ അക്ഷരങ്ങൾ സംശയലേശമെന്യേ തിരിച്ചറിയുന്നു എന്ന് ഉറപ്പാക്കുക.
- സ്വരചിഹ്നങ്ങൾ മനസ്സിലാക്കി എന്ന് ഉറപ്പാക്കുക.
- വാക്കുകൾ വാക്യങ്ങൾ എന്നിവ നിർമ്മിക്കാനും പ്രകടിപ്പിക്കാനുമുള്ള കഴിവ് നേടുന്നു.
- ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തി അക്ഷരങ്ങളും സ്വരചിഹ്നങ്ങളും മനസ്സിലുറപ്പിച്ച് വാക്കുകൾ എഴുതാനും വായിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിയ്ക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക.
- ആശയങ്ങൾ പ്രകടിപ്പിക്കുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പാക്കുക. ആശയങ്ങൾ രേഖപ്പെടുത്തുന്നതിനാവശ്യമായ കഴിവ് നേടുക.
- ആശയങ്ങൾ ധാരണകൾ എന്നിവ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കാനുള്ള കഴിവ് നേടുക.
- വ്യാകരണ സംബന്ധമായ കാര്യങ്ങളിൽ അറിവ് നേടുക സാഹിത്യം അഭിരുചി വളർത്തുക.
- ഭാഷയുടെ സൗന്ദര്യം തിരിച്ചറിയുക
- സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- പരസ്പര പഠനത്തിലൂടെ ഭാഷാശേഷി വളർത്തുക

| ക്രമ.ന. | പ്രവർത്തനത്തിന്റ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1. | മുന്നറിവ് പരിശോധിക്കുന്നു | കുട്ടിയുടെ പഠന നിലവാരം തിരിച്ചറിയുക | കേട്ടെഴുത്ത്, അനുഭവ കുറിപ്പ് എന്നിവ | ജൂൺ | മാതൃഭാഷാധ്യാപിക യുപി/എച്ച് എസ് | |
| 2. | അക്ഷരങ്ങൾ തിരിച്ചറിയുന്നു | അക്ഷരജ്ഞാനം നേടുക | മലയാളത്തിക്കം, ശ്രദ്ധ എന്നിവയുടെ തുടർച്ച | ജൂൺ മുതൽ | മാതൃഭാഷാധ്യാപിക യുപി/എച്ച് എസ് | |
| 3. | സ്വരചിഹ്നങ്ങൾ മനസ്സിലാക്കുന്നു | സ്വരചിഹ്നങ്ങൾ ഉറപ്പിക്കുക. | പരിചയപ്പെടുത്തൽ, ചിഹ്നങ്ങൾ ചേർത്തുള്ള പദപ്രയോഗം ഈ രണ്ട് പ്രവർത്തനങ്ങൾക്കും ഐ.സി.ടി.സാധ്യത പ്രയോജനപ്പെടുത്തുന്നു. | ദിവസം 1/2 മണിക്കൂർ വീതം ഹ്രസ്വകാലം | മാതൃഭാഷാധ്യാപിക യുപി/എച്ച് എസ് | |
| 4. | വാക്കുകൾ വാക്യങ്ങൾ എന്നിവയുടെ നിർമ്മാണം | തെറ്റില്ലാതെ എഴുതുക | വാക്കുകൾ വാക്യങ്ങൾ എന്നിവ സ്വയം നിർമ്മിക്കുന്നു. | ജൂലൈ | മാതൃഭാഷാധ്യാപിക യുപി/എച്ച് എസ് | |
| 5. | അർത്ഥ പൂർണ്ണമായുള്ള വായനയും എഴുത്തും | സ്വയം പ്രകടനത്തിനുള്ള ശേഷി നേടുന്നു | പുസ്തക വായന, പത്രവായന, വിശകലനം ലൈബ്രറി പുസ്തകങ്ങൾ വായിച്ച് വായനാ കുറിപ്പ് എഴുതുന്നു. | ഹ്രസ്വകാലം | മാതൃഭാഷാധ്യാപിക യുപി/എച്ച് എസ് | |
| 6. | ആശയ വിനിമയശേഷി നേടുന്നതിനുള്ള പ്രവർത്തനങ്ങൾ | ആശയ വിനിമയശേഷി നേടുന്നു. | ദിനാചരണങ്ങളോടനുബന്ധിച്ചുള്ള വായന കഥപറച്ചിൽ, പ്രഭാഷണം തുടങ്ങിയവ ദിനം പ്രതിയുള്ള ഡയറി എഴുത്ത്, ദിനാചരണ ങ്ങളോടെനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ ആരംഭം | മാതൃഭാഷാധ്യാപിക യുപി/എച്ച് എസ് | |

| ക്രമ.ന. | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 7. | വ്യത്യസ്ഥവ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുക | സ്വയം പ്രകടനത്തിനുള്ള ശേഷി നേടുക | താരതമ്യകുറിപ്പ്, വിശകലന കുറിപ്പ്, പ്രഭാഷണം, നാടകം തിരക്കഥ, അഭിമുഖം തുടങ്ങിയവ | ജൂൺ ഫെബ്രുവരി | മാതൃഭാഷാധ്യാപിക യുപി/എച്ച് എസ് | |
| 8. | വ്യാകരണ സംബന്ധമായ കാര്യങ്ങളിൽ അറിവ് നേടുക | വ്യാകരണം പഠിക്കുക | സന്ധി, വിഗ്രഹിച്ചെഴുതൽ, അർത്ഥവ്യത്യാസം, വാക്യഘടന, സമാസം, വർണ്ണന, അലങ്കാരം, താളഭംഗി തുടങ്ങിയവ | ഹ്രസ്വകാലം | മാതൃഭാഷാധ്യാപിക യുപി/എച്ച് എസ് | |
| 9. | ഭാഷയുടെ സൗന്ദര്യം | ഭാഷയുടെ സൗന്ദര്യം മനസ്സിലാക്കുക | പ്രയോഗഭംഗി, ശബ്ദഭംഗി തുടങ്ങിയവ | ഹ്രസ്വകാലം | മാതൃഭാഷാധ്യാപിക യുപി/എച്ച് എസ് | |
| 10. | സാഹിത്യാഭിരുചി വളർത്തൽ | വായനയ്ക്കുള്ള മനോഭാവം വളർത്തുക | ലൈബ്രറി പുസ്തകങ്ങൾ നൽകൽ, എഴുത്തുകാരുമായി ബന്ധപ്പെട്ട ദിനാചരണങ്ങളിൽ എഴുത്തുകാരെക്കുറിച്ചും അവരുടെ കൃതികളക്കുറിച്ചുമുള്ള പരിചയപ്പെടുത്തൽ, പാഠഭാഗത്തിന്റെ രചയിതാക്കളുടെ കൃതികളെ പരിചയപ്പെടുത്തൽ | ജൂൺ മാർച്ച് ആവശ്യാനുസരണം | മാതൃഭാഷാധ്യാപിക യുപി/എച്ച് എസ് | |
| 11. | ഗ്രന്ഥശാലാ വിപുലീകരണം | വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | പുസ്തകങ്ങൾ ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ, എന്നിവ മെച്ചപ്പെടുത്തൽ | | ലൈബ്രറി ചാർജുള്ള അധ്യാപകൻ/ ഭാഷാധ്യാപകൻ | |

| ക്രമ.ന. | പ്രവർത്തനത്തിന്റ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 12. | കഥകളെ നാടകമാക്കൽ | ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേയ്ക്കു മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള നോവൽ ഭാഗങ്ങൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം | | മാതൃഭാഷാധ്യാപകൻ | |
| 13. | കലാവാസന പരിപോഷണം | കലാവാസനകളെ പരിപോഷിപ്പിക്കൽ | കവിതാലാപനം, നാടൻ പാട്ട്, നാടകാവതരണം തുടങ്ങിയവ | | മാതൃഭാഷാധ്യാപകൻ | |
| 14. | വായനാപരിശീലനം | ഭാവാത്മക വായന, അവതരണ മികവ് കൈവരിക്കൽ | പാഠപുസ്തകങ്ങളും, ലൈബ്രറി പുസ്തകങ്ങളും ഭാവാത്മകമായി വായിക്കുക | എല്ലാ ദിവസവും ഒഴിവു സമയം | എസ്.ആർ.ജി | |
| 15. | കലാപരിപാടികളുടെ സംപ്രേക്ഷണം | ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | കുട്ടികളുടെ കലാപരിപാടികളുടെ സംപ്രേക്ഷണം, അസംബ്ലി, പൊതു പരിപാടികളുടെ സംപ്രേക്ഷണം | ഒഴിവു സമയം | എസ്.ആർ.ജി | |
| 16. | ദിനാചരണത്തോടനുബന്ധിച്ചുള്ള പ്രവർത്തനം | വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ ജി. യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | | |

## മേഖല - UP മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | മലയാള അദ്ധ്യാപകർ |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ അനുഭവകുറിപ്പായി അവതരിപ്പിക്കുന്നു. | ജൂൺ ആദ്യ ആഴ്ച | മലയാളം അദ്ധ്യാപകർ |
| | **ഭാഷാകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അദ്ധ്യാപകർ |
| | അക്ഷരങ്ങൾ,ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനായി "മലയാളത്തിളക്കം" പദ്ധതി ആരംഭിക്കുന്നു. (ഭാഷയിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്) | ജൂൺ - ഫെബ്രുവരി | മലയാളം അദ്ധ്യാപിക |
| വായനാശീലം വളർത്തുന്നതിന് | കളിക്കുടുക്ക, ബാലരമ മുതലായവ നൽകുന്നു. വായിക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് മറ്റുള്ളവർ വായിച്ചു നൽകുന്നു. പത്രം ഓരോ ക്ലാസിലും നൽകി വായിപ്പിക്കുന്നു. പ്രധാനപ്പെട്ട വാർത്തകൾ വായിക്കുന്നു. പത്രക്വിസ് നടത്തുന്നു. | ജൂൺ - ഫെബ്രുവരി | മലയാളം അദ്ധ്യാപിക |
| ലഘുവാക്കുകൾ വായിക്കുന്നതിനും എഴുതുന്നതിനും വാക്യങ്ങൾ രൂപീകരിക്കുന്നതിനും | കാർഡുകളും ചിഹ്നങ്ങളും നൽകി വാക്കുകൾ നിർമ്മിക്കുന്നു. വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു. | ജൂൺ - ഫെബ്രുവരി | മലയാളം അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | മലയാള അദ്ധ്യാപകർ |
|---|---|---|---|
| നോട്ടീസ്, പോസ്റ്റർ നിർമ്മാണം പരിശീലിപ്പിക്കുന്നതിന്. | സ്കൂളിലെ വിവിധ പരിപാടികളോടനുബന്ധിച്ച് നോട്ടീസുകൾ തയ്യാറാക്കുന്നു. പോസ്റ്റർ നിർമ്മിക്കുന്നു. | ജൂൺ ഫെബ്രുവരി | മലയാളം അദ്ധ്യാപകർ |
| ഡയറി എഴുതുവാൻ പരിശീലിപ്പിക്കുന്നതിന്. | എല്ലാ ദിവസവും ഡയറി എഴുതുന്നു. | ജൂൺ - ഫെബ്രുവരി | മലയാളം അദ്ധ്യാപകർ |
| പത്ര വാർത്തകൾ തയ്യാറാക്കുന്നതിന് | സ്കൂളിലെ ഓരോ ദിവസത്തെയും പ്രധാന കാര്യങ്ങൾ ഉൾപ്പെടുത്തി പത്രവാർത്തകൾ തയ്യാറാക്കുന്നു. | ആഗസ്റ്റ് - ഫെബ്രുവരി | മലയാളം അദ്ധ്യാപകർ |
| മലയാള ഭാഷയിലെ വ്യാകരണം മനസ്സിലാക്കുന്നതിന് | ലഘു വ്യാകരണങ്ങൾ മനസ്സിലാക്കുന്നു. തെറ്റില്ലാതെ എഴുതുവാൻ ശീലിക്കുന്നു. | ജൂലൈ - ഫെബ്രുവരി | മലയാളം അദ്ധ്യാപകർ |

# ഉപമേഖല - ഹിന്ദി

# രാഷ്ട്രഭാഷ

## അക്കാദമിക് മാസ്റ്റർ പ്ലാൻ- ഹിന്ദി

**ലക്ഷ്യങ്ങൾ**

- രാഷ്ട്രഭാഷയിലെ അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ കഴിയണം.
- സ്വര ചിഹ്നങ്ങൾ മനസ്സിലാക്കി എന്ന് ഉറപ്പുവരുത്തുക.
- ഐ.സി.ടി സാധ്യതകളിലൂടെ അക്ഷരങ്ങളും സ്വരചിഹ്നങ്ങളും മനസിലുറപ്പിക്കുക.
- മുഴുവൻ വിദ്യാർത്ഥികൾക്കും എഴുതുവാനും വായിക്കുവാനും കഴിയുക.
- ആശയങ്ങൾ പ്രകടിപ്പിക്കുവാനും രേഖപ്പെടുത്തുവാനുമുള്ള ശേഷി നേടി എന്നുറപ്പ് വരുത്തുക.
- സാഹിത്യാഭിരുചി വളർത്തുന്നതിനോടൊപ്പം സർഗാത്മക രചനകൾക്ക് അവസരം സൃഷ്ടിക്കുക
- പരസ്പര പഠനത്തിലൂടെ ഭാഷാശേഷി വളർത്തുക.

------

മേഖല : അക്കാദമികം    ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥ യും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 8,9, 10 | ഹിന്ദി അധ്യാപകർ, മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണം,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐ സിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8,9, 10 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരു പ്രാവശ്യം | 58, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 9,8 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 8,9 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 9,10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 8,9, 10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |

# ഉപമേഖല – ഇംഗ്ലീഷ്

**Academic Master Plan 2025-26**

**UP,HS**

| ക്രമ നം | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യ നിരീക്ഷണം | പ്രവർത്തന കാലം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | English corner story time | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ വായിക്കാൻ പ്രാപ്തരാക്കുക | ജൂൺ | ടീച്ചറും കുട്ടികളും | ഇംഗ്ലീഷ് ടീച്ചർ |
| 2 | Spoken English class | സ്വതന്ത്ര വായന കുട്ടികളുടെ ഇംഗ്ലീഷ് സംസാര ശേഷി വർധിപ്പിക്കുക | ജൂലൈ | English teacher | SRG |
| 3 | English Assembly | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം കൊടുക്കുക | ഓഗസ്റ്റ് | കുട്ടികൾ | English teacher |
| 4 | English voice | ഇംഗ്ലീഷ് ഭാഷയോട് സ്നേഹം വളർത്തുന്നു | സെപ്റ്റംബർ | English teacher | English teacher |
| 5 | Letter card, word card,My diary,Short story writing, Reading from the picture | സ്വതന്ത്രമായി എഴുതുവാൻ സഹായിക്കുന്നു | ഒക്ടോബർ-നവംബർ | കുട്ടികൾ | English teacher |
| 6 | English Assembly, Newspaper reading, Book review | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ആവിഷ്കാരങ്ങൾ നടത്താൻ അവസരം കൊടുക്കുന്നു | ഡിസംബർ | കുട്ടികൾ | English teacher, SRG |
| 7 | English films,Ted talks, audios | സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷ | ജനുവരി -ഫെബ്രുവരി | English teacher | English teacher |

| | | | | | |
|---|---|---|---|---|---|
| | | വികസനത്തിന് പ്രയോജനപ്പെടുത്തുന്നു | | | |

# സാമൂഹ്യ ശാസ്ത്രം

| ക്രമ.ന. | പ്രവർത്തനത്തിന്റ പേര് | ലഘുനിരീക്ഷണം | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക സ്രോതസ് | പിന്തുണ |
|---|---|---|---|---|---|---|
| 1. | മഴമാപിനി നിർമ്മാണം | ദിവസവും പെയ്യുന്ന മഴയുടെ അളവ് രേഖപ്പെടുത്തുന്നു | ജൂൺ | S.S.Club | S.S. ടീച്ചർ | S.R.G |
| 2. | ചരിത്ര കലണ്ടർ | ഓരോ മാസത്തിലേയും കലണ്ടർ ചാർട്ട് പേപ്പറിൽ തയ്യാറാക്കി ചരിത്രവുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകൾ നിശ്ചിത തീയതിക്ക് താഴെ ഒട്ടിക്കുന്നു. | വർഷം മുഴുവൻ | S.S.Club | S.S. ടീച്ചർ | S.R.G |
| 3. | സാമൂഹ്യശാസ്ത്ര ലാബ് | സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയവും താല്പര്യത്തോടെയും ആകുന്നതിനുവേണ്ടി സൗകര്യ പ്രദമായ ഒരു മുറിയിൽ തയ്യാറാക്കുന്നു. | ജൂലൈ | കുട്ടികൾ എല്ലാവരും | S.R.G | S.S. ടീച്ചർ |
| 4. | സാമൂഹ്യശാസ്ത്ര ലൈബ്രറി കോർണർ | അധികമായത് ഉപകരിക്കുന്ന പുസ്തകങ്ങൾ, അദലസുകൾ, ഇയർബുക്കുകൾ, എന്നിവ ക്രമീകരിക്കുന്നു. | ആഗസ്റ്റ് | S.S.Club | S.R.G | S.S. ടീച്ചർ |
| 5. | മോക്ക് പാർലമെന്റ് | പ്രകടന പത്രിക, പ്രചാരണം, ദ കാർഡിഡേറ്റ്, ബാലറ്റ്പേപ്പർ എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ | ജൂലൈ | മുൻ സ്കൂൾ പാർലമെന്റ് | S.R.G | S.R.G |

| ക്രമ.ന. | പ്രവർത്തനത്തിന്റെ പേര് | ലഘുനിരീക്ഷണം | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക സ്രോതസ് | പിന്തുണ |
|---|---|---|---|---|---|---|
| 6. | ബുള്ളറ്റിൻ ബോർഡ് | എല്ലാ ദിവസവും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്നു | എല്ലാ പ്രവർത്തി ദിവസങ്ങളിലും | S.S.Club | S.R.G | S.S.Club |
| 7. | ലോക സഞ്ചാരം | ലോകഭൂപടത്തിൽ ഓരോ രാജ്യവുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകൾ വെട്ടി ഒട്ടിക്കുന്നു. | സെപ്റ്റംബർ | S.S.Club | S.R.G | S.S.ടീച്ചർ |
| 8. | എംബ്ലം പുരാണം | വിവിധ ഗവ. സംഘടനകൾ, ലോക സംഘടനകൾ, എന്നിവയുടെ ചിഹ്നങ്ങൾ ശേഖരിച്ച് ഒട്ടിക്കുന്നു. | നവംബർ | S.S.Club | S.S. ടീച്ചർ | S.R.G |
| 9. | അറ്റ്ലസ് നിർമ്മാണം | ഇന്ത്യയുടെ ഭൂപടങ്ങൾ വരയും വിവിധ ഭൂമിശാസ്ത്ര പ്രത്യേകതകൾ രേഖപ്പെടുത്തി ക്രോഡീകരിക്കുന്നു. | ഡിസംബർ | S.S.Club | S.S. ടീച്ചർ | S.S. ടീച്ചർ |
| 10. | സോഷ്യൽ സയസ് ആൽബം | ലോകരാജ്യങ്ങളുടെ കറൻസികൾ, നാണയങ്ങൾ, സ്റ്റാമ്പ്, രാഷ്ട്ര തലവൻമാർ തുടങ്ങിയവയുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക. | ജനുവരി | S.S.Club | S.S. ടീച്ചർ | S.S. ടീച്ചർ |
| 11. | ഗ്ലോബ് നിർമ്മാണം | ഭൂലോകത്തിന്റെ മാതൃക നിർമ്മിച്ച് ഭൂഖണ്ഡങ്ങൾ അടയാളപ്പെടുത്തുന്നു. | ഫെബ്രുവരി | S.S.Club | S.S. ടീച്ചർ | S.S.ടീച്ചർ |

# ഗണിതം

## ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു .
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാകണം.
- കുട്ടിയുടെ യുക്തിചിന്ത ,സർഗാത്മക ചിന്ത വികസിപ്പിക്കാൻ സഹായകമാകണം .
- മറ്റ് വിഷയങ്ങളുടെ പഠനങ്ങളെ സഹായിക്കുന്നതിനാവശ്യമായ ഗണിതശേഷി കൈവരിക്കൽ .
- ഗണിതാശയങ്ങൾ വിശദീകരിക്കാൻ ഗണിതഭാഷ ഉപയോഗിക്കാൻ കഴിയണം.
- ഗണിതം ആസ്വാദിക്കാൻ കഴിയുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുവാൻ കഴിയണം .
- ഗണിത പഠനത്തിൽ ഐസിടി സാധ്യതകൾ ഉപയോഗിക്കുവാൻ കഴിയുന്നതാകണം .
- വസ്തുക്കളെ ഗണിത ആശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവുണ്ടാക്കുന്നതാകണം .

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ആശയധാരണ കൈവരിക്കൽ | പഠനപിന്നോക്കം ആവശ്യമുള്ള കുട്ടികളെ കണ്ടെത്തി അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു | ജൂൺ 1 ,2 ആഴ്ച | അധ്യാപകൻ |
| 2 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുക | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയാറാക്കുക. മാത്സ് ക്ലിനിക് നടത്തുന്നു. | ജൂൺ , തുടർ പ്രവർത്തനം | അധ്യാപകൻ<br>സമർത്ഥരായ കുട്ടികൾ |
| 3 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതിപ്പെട്ടിയുടെ ലഭ്യത , ഐസിടി ഉപയോഗിച്ചുള്ള പഠനപ്രവർത്തനം | ജൂലൈ | അധ്യാപകൻ |
| 4 | സംഘബോധം ഉണ്ടാക്കൽ | സംഘപ്രവർത്തനം | തുടർപ്രവർത്തനം | അധ്യാപകൻ , സംഘത്തലവൻ |
| 5 | ഗണിത ആശയങ്ങളിൽനിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ഓഗസ്റ്റ് ആദ്യം | ഗണിതക്ലബ് |

| Sl. No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 6 | ഗണിതത്തിൽ അഭിരുചിയുള്ളവരെ കണ്ടെത്തുന്ന പ്രവർത്തനം | സ്കൂൾതല ഗണിത ശാസ്ത്രമേള നടത്തുന്നു | സെപ്റ്റംബർ | അധ്യാപകർ |
| 7 | ഗണിത മത്സരവേദിയിലേക്ക്, മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ,മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | സെപ്റ്റംബർ ഒക്ടോബർ | അദ്ധ്യാപിക, ഗണിത ക്ലബ് അംഗങ്ങൾ |
| 8 | ഗണിത ആശയങ്ങൾ ഉറപ്പിക്കൽ | ജിയോജിബ്ര സോഫ്റ്റ്‌വെയർ സഹായത്തോടെ ഗണിതാശയങ്ങൾ മാത്സ് ഗെയിം, പസ്സിൾസ്, ജോമെട്രിക്കൽ ചാർട്ട്, മോഡൽ നിർമ്മാണം ഗണിത ക്വിസ് എന്നീ പ്രവർത്തങ്ങളിലൂടെ ആശയങ്ങൾ ഉറപ്പിക്കൽ | തുടർപ്രവർത്തനം, അക്കാദമിക വർഷം | അധ്യാപകർ |

## മേഖല - UP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സംഖ്യകളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് | പണപിന്തുന ആവശ്യമുള്ള കുട്ടികൾക്ക് സംഖ്യാ ബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ (അക്ക സൂര്യൻ - ) അബാക്കസ് പ്രവർത്തനങ്ങൾ | ജൂൺ -ജൂലൈ | ഗണിതാധ്യാപകർ |
| ആവശ്യമായ സങ്കലന പട്ടിക, ഗണന പട്ടിക രൂപീകരിക്കുന്നതിത്. | മുത്തുകൾ, മഞ്ചാടിക്കുരു തുടങ്ങിയവ ഉപയോഗിച്ച് സങ്കലന പട്ടിക ക്രമീകരിക്കുന്നു. | ജൂൺ -ആഗസ്റ്റ് | ഗണിതാധ്യാപകർ |
| നിർമ്മിതികളിലെ ശേഷി കൈവരിക്കുന്നതിന് | നിർമ്മിതിപ്പെട്ടിയിലെ രൂപീകരണങ്ങളുടെ സഹായത്തോടെ വിവിധ ഗണിതരൂപങ്ങൾ(ത്രികോണം, ചതുരം, സാമാന്തരിക etc) വരച്ച് നിറം നൽകുന്നു. | ജൂൺ - ഫെബ്രുവരി | ഗണിതാധ്യാപകർ |
| അടിസ്ഥാന ഗണിതക്രിയകൾ ഉറപ്പിക്കുന്നതിന് | ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് പരിശീലനം നൽകുന്നു. | ജൂൺ - ഫെബ്രുവരി | ഗണിതാധ്യാപകർ |
| ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിന് താൽപ്പര്യം ജനിപ്പിക്കുന്നതിന്. | ജിയോ ജിബ്ര സോഫ്റ്റ്‌വെയർ സഹായത്തോടെ ജാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു. | | |

# ഉപമേഖല – ശാസ്ത്രം

# H S സയൻസ്

## ലക്ഷ്യങ്ങൾ

- പ്രകൃതിയെപ്പറ്റി അറിയുവാനുള്ള പ്രചോദനം നൽകുക പ്രകൃതി സ്നേഹം വളർത്തുക.
- ശാസ്ത്ര വിഷയങ്ങളോട് താൽപ്പര്യം, ശാസ്ത്ര അവബോധം എന്നിവ ജനിപ്പിക്കുക.
- ശാസ്ത്രത്തിന്റെ നേട്ടങ്ങളെയും പരിമിതികളെയും പറ്റി ബോധം വളർത്തുക സകല ജീവജാലങ്ങളുടെയും പ്രകൃതിയുടെയും നിലനിൽപ്പിന് ഇണങ്ങുന്ന മൂല്യബോധം വളർത്തുക.
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശാസ്ത്രത്തെ ഉപയോഗിക്കാൻ പരിശീലിപ്പിക്കുക.
- കുട്ടിയുടെ യുക്തിചിന്ത, സർഗ്ഗാത്മക ചിന്ത, അപഗ്രഥനശേഷി, നിരീക്ഷണശേഷി എന്നിവ കൈവരിക്കൽ.
- മാലിന്യ സംസ്കരണം, പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുക.

## മേഖല - H S സയൻസ്

| ക്രമ.ന. | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|---|
| 1. | മുന്നറിവ് പരിശോധിക്കുക | കുട്ടികളുടെ പഠനനിലവാരം തിരിച്ചറിയുക. | പ്രീ ടെസ്റ്റ് നടത്തുക | ജൂൺ | |
| 2. | ലാബ് പുന: ക്രമീകരണം | ലാബിലെ ഉപകരണങ്ങൾ പരിചയപ്പെട്ട് അവയെ തരം തിരിച്ച് ഓരോ വഭാഗത്തിന്റെ കീഴിലാക്കുക | ഫിസിക്സ്, കെമസ്ട്രി, ബയോളജി ബന്ധപ്പെട്ട ഉപകരണങ്ങളെ തരം തിരിക്കുക | ജൂൺ | |
| 3. | സയൻസ് ക്ലബ് രൂപീകരണം | ശാസ്ത്ര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. | ദിനാചരണങ്ങൾ, ശാസ്ത്ര മേള എന്നിവയ്ക്ക് ഒരുങ്ങുന്നു. | ജൂൺ | |
| 4. | ശാസ്ത്ര കലണ്ടർ രൂപീകരണം | ശാസ്ത്രാവബോധം വളർത്തുക | ദിനാചരണങ്ങൾ, ഓരോ ദിവസത്തിന്റെയും പ്രത്യേകതകൾ എന്നിവ രേഖപ്പെടുത്തൽ | വർഷം മുഴുവൻ | |
| 5. | പഠനയാത്ര | പഠനം രസകരമാക്കുക | വിവിധ ശാസ്ത്ര മേളകളിൽ പങ്കെടുക്കുക. | | |
| 6. | ശാസ്ത്ര പ്രദർശനം | ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം ഇവ വികസിപ്പിക്കുക | ശാസ്ത്ര പ്രദർശനങ്ങൾ സ്കൂൾ തലത്തിൽ നടത്തി സബ് ജില്ലാ മേളയ്ക്ക് തയ്യാറെടുക്കുക. | ജൂൺ ജൂലൈ ആഗസ്റ്റ് | സയൻസ് ക്ലബ് |
| 7. | സയൻസ് മാഗസിൻ നിർമ്മാണം | ശാസ്ത്ര ത്തിന്റെ നേട്ടങ്ങളെ കുട്ടികളിലെത്തിക്കുക. | വിവിധ ശാസ്ത്രീയ നേട്ടങ്ങൾ ഉൾക്കൊള്ളിച്ച് മാഗസിൻ നിർമ്മിക്കുക. | ഒക്ടോബർ | |

| ക്രമ.ന. | പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- | --- | --- |
| 8. | ദിനാചരണങ്ങൾ | ശാസ്ത്ര അവബോധം വളർത്തുക | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനങ്ങളെകുറിച്ച് അറിവ് നൽകുക. | വർഷം മുഴുവൻ | സയൻസ് ക്ലബ് |
| 9. | പരീക്ഷാ വിശകലനം | വിവിധ പരീക്ഷകളുടെ മൂല്യ നിർണ്ണയം | ഉത്തര കടലാസുകൾ പരിശോധിച്ച് പഠന നിലവാരം ഉറപ്പ് വരുത്തുക. | സെപ്റ്റംബർ ജനുവരി മാർച്ച് | |
| | | | | | |

## U P ബേസിക് സയൻസ്

| ക്രമ.ന. | ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|---|
| 1. | ജീവിതസാഹചര്യത്തിൽനിന്നും ചുറ്റുപാടുകളിൽ ശാസ്ത്രത്തെ തിരിച്ചറിയൽ | * ഔഷധത്തോട്ട നിർമ്മാണം<br>* പച്ചക്കറിതോട്ട നിർമ്മാണം<br>* ബഡ്ഡിംഗ്,ഗ്രാഫ്റ്റിംഗ്, ലെയറിംഗ് ,രീതികൾ പരിചയപ്പെടൽ<br>ലഘുപരീക്ഷണങ്ങൾ ചെയ്യാൻ പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു | ജൂൺ ജൂലൈ<br>ജൂൺ ജൂലൈ<br>ജൂൺ ഫെബ്രുവരി | പരിസ്ഥിതിക്ലബ്ബ്<br>ശാസ്ത്രാദ്ധ്യാപകൻ | |
| 2. | ശാസ്ത്രപ്രത്രയം ശേഷി വികസിപ്പിക്കുക ആധുനികശാസ്തത്രോപകരണങ്ങൾ ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | പരിസ്ഥിതിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലഘു പ്രൊജക്ടുകൾ ചെയ്യുന്നു<br>*വിത്തുമുളയക്കൽ<br>*പച്ചക്കറിതോട്ടപരിപാലനം<br>*സ്കൂൾ ശാസ്ത്രോത്സവം | ജൂൺ ഫെബ്രുവരി<br>സെപ്റ്റംബർ | ശാസ്ത്രാദ്ധ്യാപകൻ | |

## *UP* ബേസിക് സയൻസ്

| ക്രമ.ന. | ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന കാലം | ചുമതല | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|---|
| *3* | ശാസ്ത്രരംഗത്തെ ആശയങ്ങൾ ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | ശാസ്ത്ര വിസ്മയ ചുമർ പത്രത്തിൽ വരുന്ന ശാസ്ത്ര വാർത്തകൾ ചാർട്ടായി പ്രദർശിപ്പിക്കുന്നു<br>* ശാസ്ത്ര മാസിക വായിക്കാൻ അവസരം നൽകുന്നു<br>ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ കുറിപ്പാക്കുന്നു<br>*ICT* സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുക | ജൂൺ<br>ഫെബ്രുവരി<br>ജൂൺ<br>ഫെബ്രുവരി<br>സെപ്റ്റംബർ | ശാസ്ത്രാദ്ധ്യാപകൻ<br>പരിസ്ഥിതി ക്ലബ്ബ്<br>ശാസ്ത്രാദ്ധ്യാപകൻ<br>ക്ലബ്ബ്<br>പരിസ്ഥിതി | |

57

# ഉപമേഖല – പാഠ്യേതരവിഷയങ്ങൾ

## പാഠ്യേതര മേഖലകൾ

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കലാവേദി | കലാവാസനകൾക്ക് പരിപോഷണം | പ്രസംഗം, പദ്യപാരായണം, സംഗീതം, നാടൻപാട്ട് കഥപറച്ചിൽ എന്നിവയിൽ പരിശീലനവും പ്രകടനത്തിനുള്ള വേദിയൊരുക്കലും. | വർഷത്തിൽ രണ്ട് പ്രാവശ്യം | ക്ലാസ്സ് ടീച്ചേഴ്സ് ലിറ്ററി അസോസിയേഷൻ | 500 പി ടി എ |
| ചിത്രരചനാക്കളരി | ചിത്രരചനയിൽ പ്രാവീണ്യം നേടൽ | ചിത്രരചനയിൽ താല്പര്യമുള്ള കുട്ടികൾക്ക് ചിത്ര രചനാ പരിശീലനത്തിനുള്ള അവസരമൊരുക്കൽ. | മാസത്തിൽ ഒരു തവണ | എസ്.ആർ ജി | 1000/- പി ടി എ |
| കായിക പരിശീലനം | കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനം | ആഴ്ചയിൽ 3 ദിവസം | കായികാധ്യപകൻ പി ടി എ. | |
| മെഡിക്കൽ ക്യാമ്പ് | ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്ക് സമഗ്രമായ വൈദ്യപരിശോധന. | വർഷത്തിൽ ഒന്നു വീതം | എച്ച്.എം പി ടി എ. | |
| പച്ചക്കറിത്തോട്ടം | കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | പരിസ്ഥിതി ക്ലബ് | 5000 കൃഷിവകുപ്പ് |
| ജൈവവൈവിധ്യ പാർക്ക് | പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ. | ഒരു പ്രാവശ്യം | | 25000 എസ്.എ |
| ക്ലാസ് പി ടി എ സജീവമാക്കൽ | കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി ടി എ, കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ മികവുകളുടെ അവതരണം, പൊതു ചർച്ച. | | | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പോഷകാഹാര പരിപാടി | ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്തമായ മെനു വെച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണചുമതലയുള്ള ടീച്ചർ എച്ച് എം, പി ടി എ | 50000 സിഎസ് ആർഫണ്ട് |
| മികവ് നേടാനുള്ള പരിശീലനം | വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുകയും കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള പരിശീലനം നൽകുകയും | പഠനപിന്നോക്കാവസ്ഥയിലുള്ളവർക്കുള്ള പ്രത്യേക പരിശീലന പരിപാടി നടത്തൽ, സർവ്വേ നടത്തി ഇനിയും മെച്ചപ്പെടുത്തേണ്ടവ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ. | പ്രതിമാസം | എസ്.ആർ.ജി. പി.ടി.എ. എം പി ടി എ എസ്.എസ്.ജി | |
| ജന്മദിനത്തിനൊരു പുസ്തകം | ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം. | ക്ലാസ്സ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. കുടുംബാംഗങ്ങളെ മുഴുവൻ ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ്സ് ടീച്ചർ ക്ലാസ്സ് ലീഡർ | |
| മാസികകളെ പ്രയോജനപ്പെടുത്തൽ | ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കൽ | ബാലസാഹിത്യ വാരികകളിലേയും മാസികകളിലേയും വിവരങ്ങൾ ഉൽപ്പെടുത്തി ക്വിസ് നടത്തുന്നു. | മാസത്തിൽ രണ്ട് പ്രാവശ്യം | ക്ലാസ്സ് ടീച്ചർ വിവിധ ക്ലബുകൾ | |
| സമഗ്ര പോർട്ടൽ വികസനം | സമഗ്ര പോർട്ടിലിലേക്ക് പരമാവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കൽ. | ഐ.ടി @ സ്കൂളിന്റെ പോർട്ടലായ സമഗ്രയിലേയ്ക്ക് വിഭവങ്ങൾ കൂട്ടിച്ചേർക്കുന്നതിനായി എസ്.ആർ.ജി. യുടെ നേതൃത്വത്തിൽ ഒരേ വിഷയം പഠിപ്പിക്കുന്ന അധ്യാപകർ ഒരുമിച്ചി | | | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | രുന്ന് പ്രവർത്തനങ്ങൾ കണ്ടെത്തൽ. സമയലഭ്യത അനുസരിച്ച് പോർട്ടലിൽ അപ്‌ലോഡ് ചെയ്യൽ | | | |
| ചരിത്ര കലണ്ടർ | ചരിത്രബോധം വളർത്തിയെടുക്കൽ | പന്ത്രണ്ടു വലിയ ചാർട്ടുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള പന്ത്രണ്ടു മാസങ്ങൾ മുഴുവൻ തീയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക.<br>ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കു താഴെ ഒട്ടിക്കുക. ഒരു വർഷം കഴിയുമ്പോൾ കലണ്ടർ രൂപപ്പെടും. | പ്രതിദിനം | | |
| മൺമറഞ്ഞ ആഹാരം | കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ പലഹാരങ്ങൾ, ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യുന്ന വിധം അതിൽ ചേർക്കുന്ന വസ്തുക്കൾ എന്നിവ ചേർത്ത് കുറിപ്പ് തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | എസ്.ആർ.ജി | |
| ഫാസ്റ്റ് ഫുഡ് ഉടനടി മരണം | ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ. | കടകളിൽ നിന്നും വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികയിൽ പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പു തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | എസ്.ആർ.ജി | |

# ഉപമേഖല – ഭൗതികം

## ഭൗതികം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഡൈനിംഗ് ഹാൾ | ശുചിത്വം + ആരോഗ്യം + പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | 2 വർഷം | എൽഎസ്ജിഡി | 250000 എം.പിഫണ്ട് |
| ജനറേറ്റർ സ്ഥാപിക്കൽ | വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീസ് ക്ലാസ് റൂം എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | 1 വർഷം | പി ടി എ | 20 ലക്ഷം എം.പിഫണ്ട് |
| ഓഫീസ് ഡിജിറ്റലൈസേഷൻ | വിദ്യാലയ ആവശ്യത്തിനും പൊതുജനത്തിന് ഓഫീസ് | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ, റ്റി സി | 2 വർഷം | എച്ച്.എം. രജിസ്റ്റർ തുടങ്ങി | 5 ലക്ഷം |
| ക്ലാർക്ക്, | സിഎസ് സേവനം സുഗമമായി നടപ്പാക്കൽ. | യവ ഡിജിറ്റലായി മാറ്റി സൂക്ഷിക്കൽ. | | എസ്.ഐ.ടി.സി | ആർഫണ്ട് |
| മാലിന്യ സംസ്ക്കരണം | ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ. | 1 വർഷം | എസ്.എസ്.ജി | 1 ലക്ഷം ജില്ലാപഞ്ചായത്ത്. |

# ഉപമേഖല – സാമൂഹികം

## സാമൂഹികം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പൂർവ്വവിദ്യാർത്ഥി സംഗമം | സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ അവരുടെ മുന്നിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കാൻ ഫണ്ട് സ്വരൂപിക്കൽ | വർഷത്തിൽ ഒന്ന് | എസ്.എസ്.ജി | 5000 ഐഎസ്എ |
| പ്രാദേശിക പി.റ്റി.എ. യോഗങ്ങൾ | സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി റ്റി എ യോഗങ്ങൾ ചേരൽ. | വർഷത്തിൽ ഒന്ന് | എസ്.എസ്.ജി എസ്ആർജി | 1500 പി.ടി എ. |
| സ്കൂൾ കലണ്ടർ | സ്കൂൾ മികവുകൾ സമൂഹവുമായി പങ്കു വെയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തിലെ പ്രധാന സംഭവങ്ങൾ അക്കാദമിക പ്രവർത്തനങ്ങളും പ്രദർശനം. | | | |
| പൊതിച്ചോർ | വിദ്യാലയം ജീവ കാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | വിദ്യാലയത്തിലെ അധ്യാപകരും അനധ്യാപകരും ഭക്ഷണ പൊതികൾ കൊണ്ടുവന്ന് സമീപത്തുള്ള ആശുപത്രിയിൽ വിതരണം ചെയ്യുന്നു. | വർഷത്തിൽ അഞ്ച് | എസ്.ആർ.ജി | |

## പ്രതീക്ഷിത നേട്ടങ്ങൾ

ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.

വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.

മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.

വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

# ഉപസംഹാരം

ലോകം അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. ഈ മാറ്റങ്ങളെ ഉൾക്കൊണ്ടു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് എങ്ങും നടക്കുന്നത്. ഇതിൽ നല്ലതും ചീത്തയും ഉൾപ്പെടും. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്ക്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും കുടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

---